**ഖത്തർ അമീറിന്റെ ഇന്ത്യാ സന്ദർശനം (ഫെബ്രുവരി 17-18, 2025)**

ഫെബ്രുവരി 15, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം 2025 ഫെബ്രുവരി 17 മുതൽ 18 വരെ ഖത്തർ അമീർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ-താനി ഇന്ത്യ സന്ദർശിക്കും.  മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും വ്യവസായ പ്രതിനിധികളും ഉൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും.  ഖത്തർ അമീറിന്റെ രണ്ടാമത്തെ ഇന്ത്യാ സന്ദർശനമാണിത്.  ഇതിന് മുൻപ് 2015 മാർച്ചിൽ  ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി അദ്ദേഹം ഇന്ത്യ സന്ദർശിച്ചിരുന്നു.

2. 025 ഫെബ്രുവരി 18 ന് രാഷ്ട്രപതി ഭവനിൽ വച്ച് ഖത്തർ അമീറിന്റെ  ഔദ്യോഗിക സ്വാഗത ചടങ്ങ് നടക്കും. സന്ദർശന വേളയിൽ അമീർ ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവുമായി ചർച്ച നടത്തും. ശ്രീമതി ദ്രൗപതി മുർമു അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരു വിരുന്ന് സംഘടിപ്പിക്കും. ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി അമീർ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ചർച്ച നടത്തും.

3. ഇന്ത്യയും ഖത്തറും തമ്മിൽ സൗഹൃദം, വിശ്വാസം, പരസ്പര ബഹുമാനം എന്നിവയിൽ ആഴത്തിൽ വേരൂന്നിയ ചരിത്രപരമായ ബന്ധമുണ്ട്. വ്യാപാരം, നിക്ഷേപം, ഊർജം, സാങ്കേതികവിദ്യ, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം അടുത്ത കാലത്തായി കൂടുതൽ ശക്തിപ്പെട്ടു വരുന്നു. ഖത്തറിലെ ഇന്ത്യൻ സമൂഹം അവിടെ താമസിക്കുന്ന വിദേശികളിലെ ഏറ്റവും വലിയ ഗ്രൂപ്പാണ്, രാജ്യത്തിന്റെ പുരോഗതിയിലും വികസനത്തിലും അവർ ചെലുത്തുന്ന നല്ല സ്വാധീനത്തെ അവർ വിലമതിക്കുന്നു. ആദരണീയനായ അമീറിന്റെ സന്ദർശനം നമ്മളുടെ വൈവിധ്യമാർന്ന പങ്കാളിത്തത്തിന്റെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.

ന്യൂഡൽഹി

ഫെബ്രുവരി 15, 2025